7
ശനി
2017 ഒക്ടോബർ
1193 കന്നി 21

മക്തബ്

www.makthabdaily.com

കോയമ്പത്തൂർ ആര്യ വൈദ്യ ഫാർമസി
അംഗീകൃത ഏജൻസി
സബ് രജിസ്ട്രാഫീസിന് സമീപം, ലിങ്ക് റോഡ്, ആലക്കോട്
Ph: 9495773656

ഡോ. ശ്രുതി. വൈ. BAMS, Dly
എല്ലാ ബുധൻ, ശനി ദിവസങ്ങളിൽ രോഗികളെ പരിശോധിക്കുന്നു.
ബുക്കിംഗിന്: 0460 2255155

തളിപ്പറമ്പ പുസ്തകം 10 ലക്കം 307 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2015-17 Ph: 0460- 2208010 പേജ് 4 വില: 4.00 രൂപ

സി.പി.എമ്മിലേക്കുള്ള തന്റെ തിരിച്ചുവരവിന് വി.എസ്. ഇടപെടുന്നില്ലെന്ന് എ. സുരേഷ്

തിരുവനന്തപുരം: സി.പി.എമ്മിൽ നിന്ന് പുറത്താക്കപ്പെട്ട തന്നെ പാർട്ടിയിലേക്ക് തിരിച്ചെടുക്കാൻ വി.എസ്. ഇടപെടുന്നില്ലെന്ന് എ. സുരേഷ്. വി.എസ്. മുഖ്യമന്ത്രിയായിരിക്കെ അദേഹത്തിന്റെ പേഴ്സണൽ സെക്രട്ടറിയായിരുന്ന സുരേഷിനെ അന്ന് പാർട്ടിയിലുണ്ടായ ചേരിതിരിവിൽ വി.എസ്. അനുകൂല നിലപാടെടുത്തതിനാണ് പുറത്താക്കപ്പെട്ടത്.

തിരിച്ചെടുക്കുന്നത് സംബന്ധിച്ച് പാർട്ടിക്ക് അപ്പീൽ നൽകിയത് വി.എസ്. ആവശ്യപ്പെട്ടതുപ്രകാരമാണ്. അപ്പീലിൽ പാർട്ടി നടപടിയുണ്ടായില്ല. നടപടിയെടുക്കുന്നതിനും പാർട്ടിയിലേക്ക് തിരികെ കൊണ്ടവരുന്നതിനും വി.എസ്. ഒന്നും ചെയ്തില്ല. വി.എസിന്റെ പി.എ എന്ന നിലയിൽ ഒരു ജോലി ആയിരുന്നില്ല താൻ ചെയ്തിരുന്നത്. വ്യക്തിപരമായ കാര്യങ്ങൾ പോലും മാറ്റിവെച്ചാണ് വി.എസിനൊപ്പം നിന്നത്.

വർഗീയ പാർട്ടികളിലും ബൂർഷാ പാർട്ടികളിലും പ്രവർത്തിച്ചവർക്ക് നൽകുന്ന പരിഗണന പോലും തനിക്ക് ലഭിച്ചില്ല. വർഗീയ പാർട്ടികളിൽ പ്രവർത്തിച്ച ഒ.കെ. വാസുവിനും അശോകനുമൊക്കെ സ്ഥാനങ്ങൾ നൽകി. പാർട്ടി വിട്ട് കോൺഗ്രസിൽ ചേർന്ന് തിരിച്ചുവന്ന ശിവരാമനും പരിഗണന ലഭിച്ചു. അത്രയൊരു പരിഗണന പോലും തനിക്ക് ലഭിക്കാത്തതിൽ ദുഃഖമുണ്ട്. പാർട്ടിയിൽ തനിക്ക് ഗോഡ്ഫാദർമാരില്ല.

തനിക്ക് ഇപ്പോഴും വി.എസിൽ വിശ്വാസമുണ്ട്. താൻ ഇപ്പോഴും പാർട്ടിക്കാരനാണ്. എന്നാൽ പാർട്ടിയിൽ നിന്ന് പുറത്താക്കപ്പെട്ട ആൾ എന്ന നിലയിൽ പാർട്ടി പരിപാടിയിൽ സംബന്ധിക്കുമ്പോൾ ചില ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ വീണ്ടും അപ്പീൽ നൽകാനാണ് താൻ ഉദ്ദേശിക്കുന്നതെന്നും ഒരു ടെലിവിഷൻ ചാനലിൽ നൽകിയ അഭിമുഖത്തിൽ സുരേഷ് പറഞ്ഞു.

സുരേഷ്

വി.എസ്. പ്രതിപക്ഷ നേതാവായിരുന്നപ്പോഴും പിന്നീട് മുഖ്യമന്ത്രിയായിരുന്നപ്പോഴും പതിമൂന്ന് വർഷത്തോളം വി.എസിന്റെ സന്തത സഹചാരിയായിരുന്നു സുരേഷ്. വാർത്ത ചോർത്തൽ കുറ്റം ആരോപിച്ചായിരുന്നു 2013 മെയിൽ വി.എസിന്റെ പേഴ്സണൽ സ്റ്റാഫിലുണ്ടായിരുന്ന സുരേഷിനെയും ഇ.കെ. ശശിധരൻ, കെ. ബാലകൃഷ്ണൻ എന്നിവരെയും പുറത്താക്കിയത്. 2015 ഡിസംബറിലാണ് സുരേഷ് പാർട്ടിക്ക് അപ്പീൽ നൽകിയത്.

ഡൽഹിയിലെ ഫ്ളാറ്റിൽ നാല് സ്ത്രീകൾ ഉൾപ്പെടെ അഞ്ച് പേർ കൊല്ലപ്പെട്ട നിലയിൽ

ഡൽഹി: വടക്ക് കിഴക്കൻ ഡൽഹിയിലെ ഫ്ളാറ്റിൽ നാല് സ്ത്രീകൾ ഉൾപ്പെടെ അഞ്ച് പേരെ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി. കൊല്ലപ്പെട്ട സ്ത്രീകൾ ഒരു കുടുംബത്തിൽപ്പെട്ടവരാണ്. മാനസ സരോവർ പാർക്കിനോട് ചേർന്നുള്ള ഫ്ളാറ്റിൽ നുപൂർ ജിൻഡാൽ (35), അഞ്ജലി ജിൻഡാൽ (33), ഊർമ്മിള (65), സംഗീത് ഗുപ്ത (43), കാവൽക്കാരൻ രാകേഷ് (50) എന്നിവരാണ് കൊല്ലപ്പെട്ടത്. കൊല്ലപ്പെട്ടവരുടെ ശരീരത്തിൽ മുറിവുകൾ കാണപ്പെട്ടു. സ്വത്ത് തർക്കത്തെ തുടർന്നാണ് കൊലയെന്നാണ് പ്രാഥമിക സൂചന. പോലീസ് അന്വേഷണം തുടങ്ങി.

ബി.ജെ.പി ജനരക്ഷായാത്ര കോഴിക്കോട് ജില്ലയിൽ പ്രവേശിച്ചു

തലശേരി: കണ്ണൂർ ജില്ലയിലെ പര്യടനം പൂർത്തിയാക്കി കുമ്മനം രാജശേഖരൻ നയിക്കുന്ന ജനരക്ഷാ യാത്ര കോഴിക്കോട് ജില്ലയിലേക്ക് പ്രവേശിച്ചു. ജില്ലയിലെ ആദ്യത്തെ സംഘപരിവാർ രക്തസാക്ഷി എന്ന് പറയുന്ന വാടിക്കൽ രാമകൃഷ്ണന്റെ വസതി സന്ദർശിച്ച് സ്മാരകസ്തൂപത്തിൽ പുഷ്പാർച്ചന നടത്തിയാണ് യാത്ര ആരംഭിച്ചത്. കേന്ദ്ര പെട്രോളിയം മന്ത്രി ധർമ്മേന്ദ്ര പ്രധാൻ, നിയമ മന്ത്രി സദാനന്ദ ഗൗഡ എന്നിവർ ഇന്നത്തെ യാത്രയിൽ സംബന്ധിക്കുന്നുണ്ട്. കുമ്മനത്തിന് പുറമെ കെ.സുരേന്ദ്രൻ, എം.ടി.രമേഷ്, പി.കെ.കൃഷ്ണദാസ്, വി. മുരളീധരൻ തുടങ്ങിയ സംസ്ഥാന നേതാക്കളും ജാഥയിലുണ്ട്. ഇന്നത്തെ ജനരക്ഷായാത്ര ഏറെ സമയവും വാഹനത്തിലായിരിക്കും.

ക്വാറിക്ക് അനുമതി നൽകാൻ ലക്ഷങ്ങൾ കൈപ്പറ്റി വ്യാജരേഖ ചമച്ചു

തളിപ്പറമ്പ മുൻ തഹസിൽദാരുടെ നടപടിക്കെതിരെ താലൂക്ക് വികസനസമിതി യോഗത്തിൽ പരപ്പ ക്വാറി വിരുദ്ധ സമരക്കാരുടെ ബഹളം

തളിപ്പറമ്പ: തളിപ്പറമ്പ് മുൻ തഹസിൽദാർ ലക്ഷങ്ങൾ കൈക്കൂലി വാങ്ങി പരപ്പ ക്വാറിക്കാർക്കുവേണ്ടി വ്യാജരേഖ ചമച്ചുവെന്നാരോപിച്ച് താലൂക്ക് വികസന സമിതി യോഗത്തിൽ ബഹളം. ഇന്ന് രാവിലെ ആരംഭിച്ച തളിപ്പറമ്പ് താലൂക്ക് വികസന സമിതി യോഗത്തിലാണ് പരപ്പ ക്വാറി വിരുദ്ധ സമര പ്രവർത്തകർ ബഹളം സൃഷ്ടിച്ചത്.

ഇപ്പോഴത്തെ തഹസിൽദാർക്ക് തൊട്ടുമുമ്പുണ്ടായിരുന്ന തഹസിൽദാർക്കെതിരെയാണ് ആരോപണം. പരപ്പ ക്വാറി നടത്തുന്ന മലബാർ സാന്റ്സ് ആന്റ് സ്റ്റോൺസ് ഉടമകൾക്ക് വേണ്ടി ഹൈക്കോടതിയിൽ വ്യാജ റിപ്പോർട്ട് സമർപ്പിച്ചുവെന്നാണ് ആരോപണം. ഇന്ന് വികസന സമിതി യോഗത്തിൽ വിതരണം ചെയ്ത മിനുട്സിൽ പരപ്പയിൽ മിച്ചഭൂമിയുണ്ടെന്ന് രേഖപ്പെടുത്തിയിരുന്നു. എന്നാൽ മുൻ തഹസിൽദാർ ഹൈക്കോടതിക്ക് നൽകിയ റിപ്പോർട്ടിൽ അവിടെ മിച്ചഭൂമിയില്ലെന്നാണ് രേഖപ്പെടുത്തിയത്. ഇവിടെ ഉരുൾപൊട്ടൽ നടന്നിട്ടില്ലെന്നും മുൻ തഹസിൽദാർ കോടതിക്ക് നൽകിയ റിപ്പോർട്ടിൽ ഉണ്ടായിരുന്നു. എന്നാൽ 2016ൽ ജൂലായ് അഞ്ചിന് പ്രദേശത്ത് ഉരുൾപൊട്ടിയത് സംബന്ധിച്ച് പത്രങ്ങളിൽ വന്ന വാർത്തയും ചിത്രങ്ങളും ഉയർത്തിക്കാണിച്ച് ക്വാറി വിരുദ്ധ സമരനേതാവ് സിറാജുദീനാണ് മുൻ തഹസിൽദാറുടെ നടപടിക്കെതിരെ ആദ്യം സംസാരിച്ചത്. ക്വാറിയുടെ രണ്ട് കിലോമീറ്റർ പരിധിയിൽ 30 കുടുംബങ്ങൾ മാത്രമേ ഉള്ളൂവെന്നും മുൻ തഹസിൽദാറുടെ റിപ്പോർട്ടിൽ ഉണ്ടായിരുന്നു. മൂന്ന് വാർഡുകളിൽ പെടുന്ന പ്രദേശത്ത് 4000 ത്തോളം വോട്ടർമാർ ഉണ്ടെന്നും ഇവർ ആകാശത്താണോ ജീവിക്കുന്നതെന്നും ക്വാറി വിരുദ്ധ സമരക്കാർ ചോദിച്ചു. ഈ ചോദ്യങ്ങൾക്ക് കൃത്യമായി മറുപടി നൽകാൻ കഴിയാതെ നിലവിലുള്ള തഹസിൽദാറും ഉദ്യോഗസ്ഥരും വിഷമിച്ചു. നേരത്തെയുണ്ടായിരുന്നു തഹസിദാർ കഴിഞ്ഞ മെയ് 31നാണ് ഇവിടെ നിന്നും സ്ഥലംമാറിപ്പോയത്. അതിന് തൊട്ടുമുമ്പ് മെയ് 23 നാണ് കോടതിക്ക് റിപ്പോർട്ട് നൽകിയത്. വിവരാവകാശ നിയമപ്രകാരം ലഭിച്ച ഈ റിപ്പോർട്ടാണ് ക്വാറിവിരുദ്ധ സമരക്കാരെ പ്രകോപിതരാക്കിയത്. സമരക്കാർ വിഷയം ഉന്നയിച്ചപ്പോൾ കെ.സി. ജോസഫ് എം.എൽ.എയുടെ പ്രതിനിധി നാണു മാഷായിരുന്നു അധ്യക്ഷ വേദിയിലുണ്ടായിരുന്നത്. അദേഹം വിഷയം ഉന്നയിക്കാൻ ആദ്യം അനുവദിച്ചില്ല. എന്നാൽ യോഗത്തിൽ മുൻ താഹസിൽദാറുടെ റിപ്പോർട്ട് വായിക്കണമെന്ന് സമരക്കാർ ശാഠ്യംപിടിച്ചതോടെ റിപ്പോർട്ട് വായിക്കാൻ നിർബന്ധിതമായി. അതേസമയം ഇവിടെ മൂന്നര ഏക്ര മിച്ചഭൂമി ഉണ്ടെന്നും എന്നൽ ഇസംബന്ധിച്ച രേഖകൾ താലൂക്ക് ഓഫീസിൽ നിന്നും നഷ്ടപ്പെട്ടുപോയിട്ടുണ്ടെന്നും അധ്യക്ഷവേദിയിലുണ്ടായിരുന്ന താഹസിൽദാർ എം. മുരളി വ്യക്തമാക്കി. രേഖകൾ നഷ്ടപ്പെടാൻ കാരണം ക്വാറി മാഫിയയുടെ ഇടപെടലാണെന്ന് ആരോപിച്ച് സമരപ്രവർത്തകർ ബഹളം വെച്ചു.

തളിപ്പറമ്പ് താലൂക്ക് വികസനസമിതി യോഗത്തിൽ പ്രതിഷേധിക്കുന്ന പരപ്പ ക്വാറി വിരുദ്ധ സമര പ്രവർത്തകർ

യോഗത്തിലുണ്ടായിരുന്ന സി.പി.എം നേതാക്കളായ കെ. കുഞ്ഞപ്പ, കെ. കൃഷ്ണൻ, സി. പി.ഐ നേതാവ് വി.വി. കണ്ണൻ എന്നിവർ ഇടപെട്ടാണ് രംഗം ശാന്തമാക്കിയത്. കാര്യങ്ങൾ പഠിച്ച് നടപടിയെടുക്കാമെന്ന് നിലവിലുള്ള തഹസിൽദാൽ മുരളി ഉറപ്പ് നൽകി. ആലക്കോട് പഞ്ചായത്ത് മെമ്പർ ഫ്രാൻസിസ് മ്രാലിൽ ഉൾപ്പെടെയുള്ളവർ സമരപ്രവർത്തകർക്ക് ഒപ്പമുണ്ടായിരുന്നു. ജില്ലാ പഞ്ചായത്ത് മെമ്പർ സുമിത്രാ ഭാസ്കരൻ, ഇരിക്കൂർ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഫാത്തിമ എന്നിവരും വികസന സമിതി യോഗത്തിലെത്തിയിരുന്നു. സംഭവമറിഞ്ഞ് പോലീസും സ്ഥലത്തെത്തിയിരുന്നു. ഉചിതമായ മറുപടിയല്ല ലഭിക്കുന്നതെങ്കിൽ അടുത്ത യോഗത്തിൽ കുട്ടികളും സ്ത്രീകളും ഉൾപ്പെടെ പരപ്പയിലെ മുഴുവൻ ജനങ്ങളെയും താലൂക്ക് ഓഫീസിൽ എത്തിക്കുമെന്ന് പ്രവർത്തകർ പറഞ്ഞു.

കാൽനടയാത്രികനായ വയോധികൻ ബൈക്ക് തട്ടിമരിച്ചു

കണ്ണൂർ: പാപ്പിനിശേരിയിൽ കാൽനടയാത്രക്കാരനായ വൃദ്ധൻ ബൈക്ക് ഇടിച്ച് മരിച്ചു. വേളാപുരത്തെ മാണി ഹൗസിൽ എം.നാണു (70) ആണ് മരണമടഞ്ഞത്. ഇന്നലെ സന്ധ്യക്ക് ഏഴുമണിയോടെ വേളാപുരം ചുങ്കം മുത്തപ്പൻ ക്ഷേത്രത്തിന് സമീപമാണ് അപകടം. റോഡരികിലൂടെ നടന്നു പോവുകയായിരുന്ന നാണുവിനെ അമിത വേഗതയിൽ എത്തിയ ബൈക്ക് ഇടിച്ച് തെറിപ്പിക്കുകയായിരുന്നു. തുടർന്ന് ബൈക്ക് നിർത്താതെ ഓടിച്ച് പോവുകയും ചെയ്തു. ഭാര്യ: ചന്ദ്രമതി. മക്കൾ: സുനിൽകുമാർ, സുധീർ കുമാർ, സുശീൽ കുമാർ, സുജി കുമാർ, സുജിന. മരുമക്കൾ: ദീപ, രേഖ, സന, ദീപക്.

കഞ്ചാവ് സഹിതം യുവാവ് പിടിയിൽ

പയ്യന്നൂർ: 20 ഗ്രാം കഞ്ചാവ് സഹിതം യുവാവ് അറസ്റ്റിൽ. പെരിങ്ങോം പെടേനയിലെ പടിക്കൽ ചുള്ളിയിൽ റഷീദ് (39)നെയാണ് പയ്യന്നൂർ റെയിഞ്ച് എക്സൈസ് ഇൻസ്പെക്ടർ വി.വി. പ്രഭാകരൻ, പ്രിവന്റീവ് ഓഫീസർ പ്രകാശൻ ആലക്കാട്, സിവിൽ എക്സൈസ് ഓഫീസർമാരായ വി. മനോജ്, കെ.കെ. രാജേന്ദ്രൻ, അസീസ് എന്നിവർ ചേർന്ന് പിടികൂടിയത്. ഇന്നലെ സന്ധ്യക്ക് 6.30ന് പെടേനയിൽ വെച്ചാണ് പിടികൂടിയത്.

പതിനഞ്ചുകാരിയെ പീഡിപ്പിച്ച യുവാവ് അറസ്റ്റിൽ

പെരിങ്ങോം: പതിനഞ്ചുകാരിയെ പീഡിപ്പിച്ച യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു. പെരിങ്ങോം പോലീസ് സ്റ്റേഷൻ പരിധിയിലെ പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ അരിപ്പാമ്പ്രയിലെ മിൻഹാജ് (23)നെയാണ് തളിപ്പറമ്പ് ഡി.വൈ.എസ്.പി കെ.വി. വേണുഗോപാലിന്റെ നിർദേശാനുസരണം പെരിങ്ങോം എസ്.ഐ മഹേഷ്നായർ ഇന്ന് ഉച്ചയോടെ അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ 22നാണ് കേസിനാസ്പദമായ സംഭവം. വീട്ടിൽ ആരുമില്ലാത്ത സമയത്ത് എത്തിയ മിൻഹാജ് പെൺകുട്ടിയെ പീഡിപ്പിക്കുകയായിരുന്നത്രെ. വിവരം അറിഞ്ഞ ചൈൽഡ് ലൈൻ അധികൃതർ പെൺകുട്ടിയിൽ നിന്ന് മൊഴിയെടുത്ത് പോലീസിൽ വിവരം അറിയിക്കുകയായിരുന്നു. പിടിയിലായ യുവാവിനെ പയ്യന്നൂർ സി.ഐ എം.പി. ആസാദ് ചോദ്യം ചെയ്തുവരികയാണ്.

അനധികൃത മണൽക്കടത്ത് തോണിയും മണലും പിടികൂടി

മയ്യിൽ: അനധികൃതമായി മണൽകോരാൻ ഉപയോഗിച്ച തോണിയും ഉപകരണങ്ങളും കോരിയെടുത്ത മണലും മയ്യിൽ എസ്.ഐ ബാബുമോന്റെ നേതൃത്വത്തിൽ പിടികൂടി. ഇന്നലെ രാത്രി കാട്ടാമ്പള്ളി പുഴയിൽ നിന്നാണ് ഇവ പിടിച്ചെടുത്തത്. മറ്റൊരു തോണിയിൽ എസ്.ഐയും സംഘവും എത്തുമ്പോൾ മണൽക്കോരുകയായിരുന്ന തൊഴിലാളികൾ നീന്തി രക്ഷപ്പെട്ടു. തുടർന്ന് തോണിയും മണലും മൺവെട്ടി ഉൾപ്പെടെയുള്ള ഉപകരണങ്ങളും പിടിച്ചെടുക്കുകയായിരുന്നു. കഴിഞ്ഞ ദിവസം ഇതേ കടവിൽ നിന്ന് അഞ്ച് തോണികൾ പിടിച്ചെടുത്തിരുന്നു. ഇന്നലെ അനധികൃത മണൽക്കടത്തിന് രണ്ടുപേരെ അറസ്റ്റ് ചെയ്തിരുന്നു. എ.എസ്.ഐ മനോജ്, സിവിൽ പോലീസ് ഓഫീസർമാരായ മധുസൂദനൻ, റഷീദ്, ഡ്രൈവർ ധനഞ്ജയൻ എന്നിവരും ഇന്നലെ രാത്രി നടന്ന റെയ്ഡിൽ പങ്കെടുത്തിരുന്നു.

വിവാഹ വാഗ്ദാനം ചെയ്ത് വലയിലാക്കിയ പെൺകുട്ടിയെ കാമുകൻ പലർക്കും കാഴ്ചവച്ചു

കോട്ടയം: വിവാഹ വാഗ്ദാനം ചെയ്ത് വലയിലാക്കി പീഡിപ്പിച്ച് പെൺകുട്ടിയെ കാമുകൻ പലർക്കും കാഴ്ചവച്ചു. സംഭവവുമായി ബന്ധപ്പെട്ട് കാമുകനുൾപ്പെടെ നാല് പേരെ പോലീസ് പിടികൂടി. പൂഞ്ഞാർ മുന്നിലവ് സ്വദേശികളായ അനീഷ് (28), അനൂപ് (44), മനീഷ് (33), പ്രായപൂർത്തിയാകാത്ത ഒരാൾ എന്നിവരാണ് പിടിയിലായത്. മുണ്ടക്കയം ഇളങ്കാട് സ്വദേശിയായ 19കാരിയാണ് പീഡനത്തിനിരയായത്. കാമുകനായ അനീഷ് വിവാഹ വാഗ്ദാനം ചെയ്താണ് യുവതിയെ വലയിലാക്കിയത്. യുവതിയെ പീഡിപ്പിച്ച അനീഷ് രംഗങ്ങൾ മൊബൈൽ ഫോൺ ക്യാമറയിൽ പകർത്തി. ഇക്കാര്യം യുവതി അറിഞ്ഞിരുന്നില്ല. പിന്നീട് യുവതിയെ അനീഷ് വിളിച്ചുവരുത്തി മൊബൈൽ ഫോൺ രംഗങ്ങൾ കാണിച്ച് ഭീഷണിപ്പെടുത്തി സുഹൃത്തുക്കളുമായി ബന്ധപ്പെടാൻ നിർബന്ധിക്കുകയായിരുന്നു.

ഒമ്പതിനും പത്തിനും നടക്കുന്ന വാഹന പണിമുടക്ക് കേരളത്തെ ബാധിക്കില്ല

കണ്ണൂർ: വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ഒമ്പത്, പത്ത് തീയതികളിൽ അഖിലേന്ത്യാ തലത്തിൽ നടക്കുന്ന വാഹന പണിമുടക്ക് കേരളത്തെ ബാധിക്കില്ല. കേരളത്തിലെ ട്രേഡ് യൂണിയനുകളൊന്നും പണിമുടക്കാൻ ആഹ്വാനം ചെയ്തിട്ടില്ല. ചരക്ക് വാഹന ഉടമകളാണ് അഖിലേന്ത്യാ തലത്തിൽ പണിമുടക്കിന് ആഹ്വാനം ചെയ്തത്. ബസ്, ടാക്സി, ഓട്ടോ തുടങ്ങിയ വാഹനങ്ങളൊക്കെ പതിവുപോലെ കേരളത്തിൽ സർവ്വീസ് നടത്തും.

ഹാദിയ കേസ് എൻ.ഐ.എ അന്വേഷിക്കേണ്ടെന്ന് കേരളം

ഡൽഹി: വിവാദമായ ഹാദിയ കേസ് എൻ.ഐ.എ അന്വേഷിക്കേണ്ടതില്ലെന്ന് കേരള സർക്കാർ സുപ്രീംകോടതിയെ അറിയിച്ചു. കേസ് ക്രൈംബ്രാഞ്ച് അന്വേഷിച്ചതാണ് അന്വേഷണത്തിൽ യാതൊരു അസ്വഭാവികതയും കണ്ടെത്തിയിട്ടില്ലെന്ന് സംസ്ഥാന സർക്കാർ കോടതിക്ക് റിപ്പോർട്ട് നൽകി.

കാഞ്ഞങ്ങാട് ക്ഷേത്ര ഭണ്ഡാരം കവർന്നു

കാഞ്ഞങ്ങാട്: ടൗണിന് സമീപം ലക്ഷ്മി വെങ്കിടേശ്വര ക്ഷേത്രത്തിലെ ഭണ്ഡാരം കുത്തിത്തുറന്ന് പണം കവർന്നു. ഇന്ന് രാവിലെ ക്ഷേത്രത്തിൽ തൊഴാൻ എത്തിയവരാണ് കവർച്ച ആദ്യം കണ്ടത്. എത്രത്തോളം പണം നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമല്ല. മാനേജിംഗ് ട്രസ്റ്റി ഗോകുൽദാസ് കമ്മത്ത് ഹോസ്ദുർഗ് പോലീസിൽ പരാതി നൽകി.

എട്ടോളം കേസുകളിൽ പ്രതിയായ യുവാവ് അറസ്റ്റിൽ

കാസർക്കോട്: പോലീസിനെ അക്രമിക്കൽ ഉൾപ്പെടെ എട്ടോളം കേസുകളിൽ പ്രതിയായ യുവാവിനെ ടൗൺ പോലീസ് അറസ്റ്റ് ചെയ്തു. മൊഗ്രാൽ പുത്തൂർ പഞ്ചായത്ത് കുന്നിലെ കെ.എം. അബ്ദുൽ സമദ് (22)നെയാണ് അറസ്റ്റ് ചെയ്തത്. പ്രതിക്കെതിരെ കാപ്പ ചുമത്തുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചുവരികയാണെന്ന് പോലീസ് പറഞ്ഞു.

MIND RESETTING CENTRE
(HD-MRC)
LOURDE HOSPITAL
TALIPARAMBA
Jose A.J. (Psychologist)
Ph: 9400943718, 9061042264
0460 2301100, 0460 2271444(R)
PSYCHOLOGICAL COUNSELLING
1. കുട്ടികളുടെ പഠനവൈകല്യങ്ങൾ
2. ഭാര്യ-ഭർതൃ പ്രശ്നങ്ങൾ
3. ലൈംഗിക പ്രശ്നങ്ങൾ
4. ദുശ്ശീലങ്ങൾ, ആത്മഹത്യ പ്രവണത, ദേഷ്യം, സംശയം, ഭയം, സങ്കടം, രോഗചിന്ത, ഉറക്കക്കുറവ്, Depression, മരണഭയം, എന്നി പ്രശ്നങ്ങൾ സൈക്കോ തെറാപ്പിയിലൂടെ പരിഹരിക്കുന്നതാണ്

ദൈവ സന്നിധിയിൽ
മൂന്നാം വർഷം
(07 – 10 – 2017)

ഇ.എം. പ്രദീപ് (മധു)
"ശ്രീലകം" (ഇളംപുരയിടത്തിൽ)
നെല്ലിപ്പാറ
ദീപ്തസ്മരണകൾക്ക് മുന്നിൽ ആദരാഞ്ജലികളോടെ
ഭാര്യ: ഡോ.സിന്ധു പ്രദീപ്
മക്കൾ: ഹർഷ, ഹൃദ്യ, ഹരിത
സഹോദരങ്ങൾ, ബന്ധുമിത്രാദികൾ